## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5706

09.07.2012-ലെ
മറുപടിക്ക്.

# കേന്ദ്ര വിദ്യാഭ്യാസ നിയമവും ദുർബല വിഭാഗങ്ങളുടെ സംവരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര വിദ്യാഭ്യാസ നിയമപ്രകാരം അൺ എയിഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് 25% സംവരണം തീരുമാനിച്ചിട്ടുണ്ടോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 12(1) (സി) പ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും കൂടി ചേർന്ന് കുറഞ്ഞത് 25% മെങ്കിലും സംവരണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ട്. |
| (ബി) | സംവരണം അനുവദിക്കുന്ന വിദ്യാർത്ഥികളുടെ പഠന ചെലവ് വഹിക്കുന്നത് ആരായിരിക്കും; | (ബി) | പഠന ചെലവ് സർക്കാർ വഹിക്കേണ്ടതാണ്. |

| | | |
|---|---|---|
| (സി) | കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (സി) യും (ഡി) യും<br>കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ഇൻഡ്യയൊട്ടാകെയുള്ള സംസ്ഥാനങ്ങൾക്ക് ഒരു പോലെ ബാധകമാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 12.04.2012.-ലെ W.P. (C) 95/2010 വിധിന്യായ പ്രകാരം അൺ എയ്ഡഡ് മൈനോറിറ്റി; നോൺ മൈനോറിറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ സംരക്ഷണ നിയമത്തിലെ സെക്ഷൻ 12 (1) (സി) വകുപ്പ് നിർബന്ധപൂർവ്വം നടപ്പിലാക്കാൻ കഴിയുകയില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടുന്ന സർക്കാർ വിദ്യാലയങ്ങളെ ഈ നടപടി ഏത് നിലയിൽ ബാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ